ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ 2019-20 കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 35.42 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 766-ൽ കി.മീ. 25/00 മുതൽ 45/00 വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കൊയിലാണ്ടി - താമരശ്ശേരി - മുക്കം റോഡ് വികസന പ്രവൃത്തിക്ക് 225.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

103(4113) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പുരോഗതി എന്തെന്നും വെളിപ്പെടുത്തുമോ?

മലപ്പുറം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതിയാണ് കൊയിലാണ്ടി-എടവണ്ണ റോഡ് നവീകരണ പ്രവൃത്തി. 23-11-2020-ന് ആരംഭിച്ച പ്രവൃത്തി നിലവിൽ 11% പൂർത്തീകരിച്ചിട്ടുണ്ട്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്നുവർഷത്തെ വിവരങ്ങൾ വിവിധ വിഭാഗങ്ങൾ തിരിച്ച് നൽകാമോ?

പാലം വിഭാഗത്തിനുകീഴിൽ തലാപ്പ് കടവ് - ആശാരിപ്പടി പാലത്തിന്റെ തകർന്ന പൈപ്പ് കൾവെർട്ടിന്റെ പുനർനിർമ്മാണവും അപ്രോച്ച് റോഡിന്റെ റീടാറിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനുകീഴിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ Improvements with BM&BC

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

to By-lane road of Malappuram-Kottappadi-Cherattukuzhi-Munduparamba road connecting NH-966 in Malappuram District (88,26,937), Improvements with BM&BC to By-lane road of NH 966 at Km 49/850 towards Malappuram Collectorate in Malappuram District (47,16,018) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2018-19 സി.ആർ.എഫ്. സ്കീമിൽ 6.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മുണ്ടുപറമ്പ - കാവുങ്കൽ ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി, കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 71.59 കോടി രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 966-ന്റെ കി.മീ. 15/656 (കി.മീ. 27/500 മുതൽ കി.മീ 29/100 വരെ ഒഴിവാക്കി) മുതൽ 54/000 വരെയുമുള്ള ഭാഗം ബലപ്പെടുത്തുന്ന പ്രവൃത്തി എന്നിവയും പൂർത്തീകരിച്ചു. കിഫ്ബി വിഭാഗത്തിനുകീഴിൽ കോട്ടയ്ക്കൽ-കോട്ടപ്പടി റോഡിന് 18.85 കോടി രൂപയുടെ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകുകയും 11-5-2020-ൽ പണി പൂർത്തീകരിക്കുകയും ചെയ്തു. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) പൂർത്തീകരിക്കാത്ത ഓരോ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനം

104(4114) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനത്തിന് ബഡ്ജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അലൈൻമെന്റ് സ്കെച്ച് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.